പ്രതികരണം

●

ഡോ. എം.എസ് ജയപ്രകാശ്

# ചാന്ദ്രയാൻ തിരുപ്പതിയിൽ എത്തിയപ്പോൾ

**ചാന്ദ്രയാൻ** ഒന്നിനെപ്പറ്റി ഒരു വിവരവുമില്ലെന്ന് ഐ.എസ്.ആർ.ഒ പറയുന്നുണ്ടെങ്കിലും ആന്ധ്രയിലെ 'ജനവിജ്ഞാന വേദിക' എന്ന സംഘടന ആ ചാന്ദ്രയാൻഒന്ന് തിരുപ്പതിയിൽ 'വന്നു പതിച്ചതായി' കണ്ടെത്തിയിരിക്കുന്നു. വെങ്കിടാചലപതിയുടെ കൈയിൽ അത് സുരക്ഷിതമാണത്രെ! ചാന്ദ്രയാൻ വിജയത്തിനായി ഐ.എസ്.ആർ.ഒ ചെയർമാൻ തിരുപ്പതിയിൽ നേർച്ച നേർന്നിരുന്നതായി സംഘടന വെളിപ്പെടുത്തി. 2008 ഒക്ടോബറിൽ ചെയർമാൻ ജി. മാധവൻനായർ തിരുപ്പതിയിലെത്തി ചാന്ദ്രയാൻ ഒന്നിന്റെ ഒരു ചെറിയ മാതൃക ഭഗവാന്റെ പാദങ്ങളിൽ സമർപ്പിച്ചതായും ജനവിജ്ഞാന വേദിക പ്രവർത്തകർ പത്രക്കാരെ അറിയിച്ചിരിക്കുന്നു. ഈ ശാസ്ത്രയുഗത്തിലും കൊടിയ അന്ധവിശ്വാസം ശാസ്ത്രജ്ഞന്മാരെ ബാധിച്ചിരിക്കുന്നതായി വേദിക പരാതിപ്പെടുന്നു. ചാന്ദ്രയാൻ വിജയത്തിനായി മാധവൻനായർ വെങ്കിടാചലപതിയുടെ അനുഗ്രഹം തേടിയതിന് എന്ത് ന്യായീകരണമാണുള്ളതെന്ന് വേദിക നേതാക്കൾ മാധവൻനായരോടു തന്നെ ചോദിച്ചിരിക്കുകയാണ്. നേർച്ചയായി ഒരുക്കിയ ചാന്ദ്രയാൻ സ്വർണത്തിലാണോ വെള്ളിയിലാണോ എന്നും അതിന്റെ ചെലവ് ആര് വഹിച്ചുവെന്നും ചോദ്യമുയരുന്നുണ്ട്. ഇന്ത്യൻ പ്രസിഡന്റിന് വേദികാ നേതാക്കൾ ഇതു സംബന്ധിച്ച പരാതിയും ബോധിപ്പിച്ചിട്ടുണ്ട്. ഭരണഘടനയുടെ 51 എ (എച്ച്) വകുപ്പിന്റെ ലംഘനമാണിതെന്നും അവർ ചൂണ്ടിക്കാണിക്കുന്നു. ജനങ്ങളിൽ ശാസ്ത്രബോധം ഉണ്ടാക്കാൻ ശ്രമിക്കണമെന്നാണ് ഈ വകുപ്പ് നിഷ്കർഷിക്കുന്നത്.

എന്തായാലും മാധവൻനായരുടെ നേർച്ച ഫലിച്ചെന്നുതന്നെ

പറയാം. ചാന്ദ്രയാൻ ഒന്നിനെ കാണാൻ കഴിയില്ലെങ്കിലും കുട്ടി ചാന്ദ്രയാൻ ഭഗവാന്റെ സന്നിധിയിൽ ഭദ്രം! കണ്ണിനോ കാതിനോ കൈകൾക്കോ കാലുകൾക്കോ അസുഖം വന്നാൽ സ്വർണത്തിലോ വെള്ളിയിലോ ഈ അവയവങ്ങളുടെ രൂപങ്ങൾ ഉണ്ടാക്കി ഭഗവാനോ ഭഗവതിക്കോ സമർപ്പിക്കുന്നവർ മുമ്പ് ധാരാളമുണ്ടായിരുന്നു. ഇന്ന് കാലുമാറ്റക്കാരിലും കൈമടക്കു വാങ്ങുന്നവരിലുമായി അത് ചുരുങ്ങിയിട്ടുണ്ടാവാം. രാഷ്ട്രീയത്തിൽ ശത്രുസംഹാരത്തിനായി 'പൂമൂടൽ' നടത്തുന്ന വിപ്ലവകാരികൾ ഉള്ള രാജ്യത്ത് ഐ.എസ്.ആർ.ഒ ശാസ്ത്രജ്ഞർ 'കൈയേ വളര്, കാലേ വളര്' എന്ന ശൈലിയിൽ നേർച്ച നടത്തിയതിൽ അതിശയിക്കാനില്ല. താമസിയാതെ നമ്മുടെ ചില രാഷ്ട്രീയ നേതാക്കൾ 'എസ്' കത്തി വഴിപാടായി നൽകാനുള്ള സാധ്യതയുണ്ട്. പശ്ചിമബംഗാളിലെ മന്ത്രിയായിരുന്ന ഷിബുചക്രവർത്തി ക്ഷേത്രത്തിൽ പോയത് വിവാദമായപ്പോൾ അദ്ദേഹം പറഞ്ഞതിങ്ങനെ: "ഞാൻ ആദ്യമായി ഒരു ബ്രാഹ്മണനും ഹിന്ദുവുമാണ്, അതുകഴിഞ്ഞേ മാർക്സിസ്റ്റാകുന്നുള്ളു."

വ്യക്തികളുടെ വിശ്വാസപ്രമാണങ്ങളെ അടിച്ചമർത്തുന്ന മാർക്സിയൻ വരട്ടുവാദത്തിന് ഒരു ബ്രാഹ്മണൻ തന്നെ നൽകിയ തിരിച്ചടിയായിരുന്നു അത്.

ഐ.എസ്.ആർ.ഒ ശാസ്ത്രജ്ഞർ വ്യക്തിപരമായി ഇത്തരം ആചാരങ്ങൾ അനുഷ്ഠിക്കുന്നതിനെയല്ല ഈ ലേഖകൻ പരാമർശിക്കുന്നത്, മറിച്ച് വ്യത്യസ്ത മതസ്ഥരായ ശാസ്ത്രജ്ഞരുള്ള ഒരു സ്ഥാപനത്തിന്റെ ശാസ്ത്രീയമായ പരിപാടികൾക്ക് മതപരവും അന്ധവിശ്വാസപരവുമായ മാനങ്ങൾ നൽകുന്നതിലെ അസാംഗത്യമാണ് ചൂണ്ടിക്കാട്ടുന്നത്. ചാന്ദ്രയാന്റെ 'ആൾരൂപം' നേർച്ചയായി തിരുപ്പതിയിൽ നൽകാൻ തോന്നിയെങ്കിൽ വേളാങ്കണ്ണിയിലും അർത്തുങ്കൽ പള്ളിയിലും ആ രൂപം നൽകേണ്ടതല്ലേ? ഇസ്‌ലാം ഇത്തരം ആചാരങ്ങളിൽനിന്ന് മോചനം നേടിയ മതമാണ്. എങ്കിലും ചില കേന്ദ്രങ്ങളിൽ നേർച്ച സ്വീകരിക്കുന്നുണ്ട്. അവിടെയും ചാന്ദ്രയാൻ വിജയത്തിന് നേർച്ച നൽകേണ്ടതല്ലേ.

അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും എതിർത്ത ഗുരുവാണ് ശ്രീനാരായണൻ. അദ്ദേഹം എതിർത്തതിനെയെല്ലാം ഇന്നത്തെ ചില അനുയായികൾ തിരിച്ചുകൊണ്ടുവരുന്നുണ്ട്. ഗുരുമന്ദിരം പോരാഞ്ഞിട്ട് ഗുരുക്ഷേത്രം നിർമിച്ചിരിക്കുന്നു. പൂജിക്കാൻ ബ്രാഹ്മണൻ തന്നെ വേണം! ഗുരുവിന് വഴിപാടായി തുലാഭാരം നടത്താനും മടിയില്ല. ഐ.എസ്.ആർ.ഒയിൽ ശ്രീനാരായണീയർ ആരെങ്കിലും 'അബദ്ധവശാൽ' ചെന്നുപെട്ടിട്ടുണ്ടെങ്കിൽ ചാന്ദ്രയാൻ വിജയത്തിനുവേണ്ടി അവർക്ക് ഗുരുവിന്റെ പേരിൽ തുലാഭാരം നടത്താം. സ്വന്തം ഭാരത്തിനു തുല്യമായ ഒരു ചാന്ദ്രയാൻ വേണമെന്നു മാത്രം! അന്ധവിശ്വാസങ്ങൾക്കെതിരെ വിവേകാനന്ദൻ പറയുന്നത് ഇങ്ങനെ: "അന്ധവിശ്വാസമാകട്ടെ അധഃപതനവും മരണവുമാണ്. ലോകത്തിലേറ്റവും വൃത്തികെട്ടതായ അന്ധവിശ്വാസങ്ങളെ വ്യാഖ്യാനിക്കാൻ സമയം ചെലവഴിക്കുന്നത് മനുഷ്യവർഗത്തിനു തന്നെ ലജ്ജാകരമാണ്. അഭ്യസ്തവിദ്യരായവരിൽ ഭ്രാന്തരുണ്ട്. അവരെല്ലാറ്റിന്റെയും ശകുനം വ്യാഖ്യാനിക്കാൻ വെമ്പുന്നവരാണ്. ഈശ്വരസാധന വ്യക്തിപരമായി അനുഷ്ഠിക്കണം; അത് ഒരിക്കലും സാമൂഹികമായിക്കൂടാ. ക്രിസ്തു പറഞ്ഞതുപോലെ ആയിരിക്കണം: നീ ആരാധിക്കുമ്പോൾ നിന്റെ ഉള്ളറയിലേക്കു പ്രവേശിക്കുക, കവാടങ്ങൾ അടച്ചുകഴിയുമ്പോൾ നിന്റെ പിതാവിനോട് സ്വകാര്യമായി പ്രാർഥിക്കുക" (*വിവേകാനന്ദന്റെ സമ്പൂർണ കൃതികൾ*, വാല്യം 4). ഐ.എസ്.ആർ.ഒ ശാസ്ത്രജ്ഞർക്കും ഈ ഉപദേശം പ്രസക്തം തന്നെ. ചാന്ദ്രയാൻ പോലുള്ള ദൗത്യങ്ങൾക്ക് മതപരമായ അന്ധവിശ്വാസങ്ങളെ കൂട്ടുപിടിക്കുന്നത് യുക്തിസഹമല്ല. ■